**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5314** **02-11-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണവും ക്ഷീര വികസനവും കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണവും ക്ഷീര വികസനവും മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കർമ്മ പരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ക്ഷീര വികസന വകുപ്പ് ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന നൂതന പദ്ധതികൾ: വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്: ക്ഷീര സംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത |

| | | | |
|---|---|---|---|
| | | | ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതൽ ഉള്ള ഡയറി ഫാമുകൾ ആധുനികവൽക്കരണത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. മൃഗസംരക്ഷണ വകുപ്പ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ RKI പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 1. പശുവളർത്തൽ പദ്ധതി - രണ്ട് പശുക്കൾ ഉള്ള ഒരു യൂണിറ്റിന് പശു ഒന്നിന് 30000/- രൂപ വീതം സഹായം 2. ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം - 25000/-രൂപ സഹായം 3. ക്ഷീര മേഖലയിലെ യന്ത്രവൽക്കരണം - പരമാവധി 1,00,000/-രൂപ സബ്സിഡി 4. ശാസ്ത്രീയമായി പശുക്കുട്ടി വളർത്തൽ പദ്ധതി - 4 മുതൽ 32 മാസം വരെ പ്രായമുള്ള പശുക്കുട്ടിക്ക് 12500/- രൂപ സഹായം |
| (ബി) | പ്രസ്തുത മേഖലയിലെ സംരഭകത്വം, അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വ്യക്തമാക്കാമോ? | (ബി) | സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കാവുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും തന്നെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫോർ വെറ്ററിനറി സർവ്വീസസ് എന്ന ഘടകത്തിൽ 100 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ